## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6494 9/07/2014-ൽ മറുപടിക്ക്

# ദുർബല വിഭാഗങ്ങൾക്കുള്ള സൗജന്യ വൈദ്യുതി കണക്ഷൻ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. രാജു എബ്രഹാം | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) കെ.എസ്.ഇ.ബി ഗാർഹിക കണക്ഷൻ നൽകുമ്പോൾ ഏതെങ്കിലും വിഭാഗങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള സൗജന്യങ്ങൾ മുമ്പ് നൽകിയിരുന്നോ; ഉണ്ടെങ്കിൽ ഏതൊക്കെ വിഭാഗങ്ങൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിയിരുന്നതെന്ന് വിശദമാക്കുമോ; | (എ) | കേരളാ സ്റ്റേറ്റ് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറത്തിറക്കിയിട്ടുള്ള ഇലക്ട്രിസിറ്റി സപ്ലൈകോഡ് അനുസരിച്ചാണ് വൈദ്യുതി ബോർഡ് ഇലക്ട്രിസിറ്റി കണക്ഷനുകൾ നല്കി വരുന്നത്. ഇപ്രകാരം 02.03.2005ൽ സപ്ലൈകോഡ്, 2005ഉം 01.04.2014-ൽ സപ്ലൈകോഡ്, 2014ഉം നിലവിൽ വന്നു. ഈ രണ്ട് സപ്ലൈക്കോഡുകളും പ്രാബല്യത്തിൽ വരുന്നതിനു മുൻപ് താഴെ പറയുന്ന വിഭാഗങ്ങൾക്ക് പ്രത്യേക മുൻഗണനയനുസരിച്ച് സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകിയിരുന്നു.<br>1.പട്ടികജാതി – പട്ടികവർഗ്ഗ വിഭാഗം<br>2.ബി.പി.എൽ<br>3.വികലാംഗർ<br>4.മാനസിക വൈകല്യമുള്ളവർ<br>5.ജവാൻമാർ<br>6.ക്യാൻസർ രോഗികൾ<br>7.വൈദ്യുതി ബോർഡ് ജീവനക്കാരും പെൻഷൻകാരും |
| (ബി) പ്രസ്തുത ആനുകൂല്യങ്ങൾ എന്നുമുതലാണ് വൈദ്യുതി ബോർഡ് നിർത്തലാക്കിയത്; ഇതിന്റെ കാരണം വിശദമാക്കുമോ; | (ബി) | സപ്ലൈകോഡ്, 2005ലെയും 2014ലെയും വ്യവസ്ഥകൾ പ്രകാരമാണ് SC/ST, BPL ഒഴികെയുള്ള അപേക്ഷകർക്ക് നൽകി വന്നിരുന്ന സൗജന്യ വൈദ്യുതി കണക്ഷനുകൾ വൈദ്യുതി ബോർഡിന്റെ 28/10/2011ലെയും 28/01/2012ലെയും ഉത്തരവുകൾ പ്രകാരമാണ് പരിമിതപ്പെടുത്തി നടപ്പിലാക്കിയത്. |

(സി) സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങൾക്ക് മൂന്ന് പോസ്റ്റുകൾവരെ സ്ഥാപിച്ച് വൈദ്യുതി കണക്ഷൻ നൽകുമായിരുന്ന സംവിധാനം പുന:സ്ഥാപിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

(സി) കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്ന ജില്ലകളിൽ, ഈ സ്കീമിൽ ഉൾപ്പെടുത്തി എല്ലാ ബി.പി.എൽ കുടുംബങ്ങൾക്കും കണക്ടഡ് ലോഡ് പരിധിയില്ലാതെ സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകുവാനുള്ള നിർദ്ദേശം ബോർഡ് നൽകിയിട്ടുണ്ട്.

കൂടാതെ, 500 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള എല്ലാ ബി.പി.എൽ. വിഭാഗത്തിലുള്ളവർക്കും ലൈൻ നീട്ടൽ ആവശ്യമുള്ള പോസ്റ്റുകൾ സ്ഥാപിച്ചു നൽകുന്നതുൾപ്പെടെയുള്ള വൈദ്യുതി കണക്ഷനുകൾ ആർ.ജി.ജി.വി.വൈ. — ലോ നോർമൽ പ്ലാനിലോ ഉൾപ്പെടുത്തി സൗജന്യമായി നൽകുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**